# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 03 | 2021 |
|---|---|

## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2021@gmail.com

---

# പമ്പയിൽനിന്ന് കെ.എസ്.ആർ.ടി.സി പഴനി, കോയമ്പത്തൂർ, തെങ്കാശി സർവീസുകൾ ഡിസംബർ ഏഴ് മുതൽ

പമ്പയിൽനിന്ന് കെ.എസ്.ആർ.ടി.സിയുടെ പഴനി, കോയമ്പത്തൂർ, തെങ്കാശി അന്തർസംസ്ഥാന ബസ് സർവീസുകൾ ഡിസംബർ ഏഴ് മുതൽ തുടങ്ങും. 12 ബസുകളാണ് അന്തർസംസ്ഥാന സർവീസ് നടത്തുക. ര ാംഘട്ടത്തിൽ മധുരയിലേക്കും ചെന്നൈയിലേക്കും കെ.എസ്.ആർ.ടി.സി സർവീസ് തുടങ്ങും.

നിലവിൽ പമ്പയിൽനിന്ന് 128 ബസുകളാണ് കെ.എസ്.ആർ.ടി.സി പ്രവർത്തിപ്പിക്കുന്നത്. ഡിസംബർ 12ഓടെ 99 ബസുകൾ കൂടി സർവീസിനെത്തും.
നിലയ്ക്കൽ-പമ്പ റൂട്ടിൽ തീർഥാടകർക്കായി കെ.എസ്.ആർ.ടി.സി 24 മണിക്കൂറും ചെയിൻ സർവീസ് നടത്തുന്നു ്. നവംബർ 16 മുതൽ ഡിസംബർ ഒന്ന് വരെ 4,52,698 യാത്രക്കാരാണ് ചെയിൻ സർവീസ് ഉപയോഗപ്പെടുത്തിയത്. രാത്രി ഏഴ് മുതൽ 12 മണി വരെ നിലയ്ക്കലിൽനിന്ന് പമ്പയിലേക്ക് ബസുകൾക്ക് പ്രവേശനമില്ല. പക്ഷേ, പമ്പയിൽനിന്ന് തിരിച്ച് നിലയ്ക്കലിലേക്ക്

ഈ സമയങ്ങളിലും ചെയിൻ സർവീസു ്. നിലയ്ക്കലിൽനിന്ന് മറ്റു സ്ഥല ങ്ങളിലേക്കുള്ള ബസ് സർവീസും ഈ സമയത്തു ്.
ജൻറം നോൺ എ.സി 4191, ജൻറം എസി 1525, സൂപ്പർ ഫാസ്റ്റ് 56, സൂപ്പർ ഡീലക്സ് 152 ഉൾപ്പെടെ 11640 ട്രിപ്പുകളാണ് കെ.എസ്.ആർ.ടി.സി നിലയ് ക്കൽ-പമ്പ റൂട്ടിൽ ഓടിച്ചത്. പമ്പ ബസ്സ്റ്റേഷനിൽനിന്ന് 80 ജൻറം നോൺ എസി, 30 ജൻറം എ.സി, മൂന്ന് ഷോർട്ട് വീൽ ബേസ്, 10 സൂപ്പർ ഡീലക്സ്, അഞ്ച് സൂപ്പർ ഫാസ്റ്റ് ബസുകളടക്കമാണ് 128 ബസുകൾ സർവീസ് നട ത്തുന്നത്.

പമ്പയിൽനിന്ന് നേരിട്ട് ചെങ്ങന്നൂരിലേക്ക് 35, കോട്ടയം 10, തിരുവനന്തപു രം 10, എറണാകുളം ഏഴ്, പത്തനംതിട്ട നാല്, കുമളി നാല്, എരുമേലി നാല് എന്നിങ്ങനെയാണ് പ്രതിദിനം കെ.എസ്.ആർ.ടി.സി നടത്തുന്ന ശരാശരി ട്രി പ്പുകൾ. 306 ജീവനക്കാരാണ് രാപകൽ ഭേദമില്ലാതെ, ശബരിമല തീർഥാടനം സുഗമമാക്കാൻ ജോലി ചെയ്യുന്നത്.

**(പി.ആർ. ശബരി-92)**

## ശബരിമല പോസ്റ്റ് ഓഫീസിൽനിന്ന് വാങ്ങാം ഗംഗാജലം

പവിത്രമായ ഗംഗാജലം ശബരിമല സന്നിധാനത്തെ പോസ്റ്റ് ഓഫീസിൽ നിന്ന് വാങ്ങാം. ഗംഗാജലം ഗംഗോത്രിയിൽനിന്നും ഋഷികേശിൽനിന്നും സം ഭരിച്ച് ഇന്ത്യ പോസ്റ്റ് പാക്ക് ചെയ്ത് വിൽപന നടത്തുകയാണ് ചെയ്യുന്നത്. ഋഷികേശിൽനിന്നുള്ള 500 മില്ലി ലിറ്റർ ഗംഗാജലത്തിന് 22 രൂപയാണ് വില. ഗംഗോത്രിയിൽനിന്നുള്ള 200 മില്ലി ലിറ്റർ ഗംഗാജലം 25 രൂപയ്ക്കും 250 മില്ലി ലിറ്റർ ഗംഗാജലം 30 രൂപയ്ക്കും ലഭിക്കും.

കൂടാതെ ഏത് ബാങ്കിൽ അക്കൗ ് ഉള്ളയാൾക്കും നേരിട്ട് ആധാർ കാർ ഡുമായി ചെന്ന് പണം പിൻവലിക്കാനും ഇവിടെ സംവിധാനമു ്. വിരലട യാളം പരിശോധിച്ച് ഉറപ്പുവരുത്താനായി അക്കൗ ് ഉടമ തന്നെ എത്തണം. ഏത് കമ്പനിയുടെ മൊബൈൽ റീചാർജിനും പോസ്റ്റ് ഓഫീസിനെ സമീപി ക്കാം.

ഇതിനൊപ്പം ഇന്ത്യ പോസ്റ്റിൻെറ അക്കൗ ് തുറക്കാനും പണമടയ്ട ക്കാനും സൗകര്യമു ്. കൂടാതെ പോസ്റ്റ് ഓഫീസിൻെറ സാധാരണ സേവ നങ്ങളായ മണി ഓർഡർ, സ്പീഡ് പോസ്റ്റ്, പാഴ്സൽ എന്നിവയുമു ്. അപ്പം, അരവണ എന്നിവ പാഴ്സലായി ഇവിടെ നിന്ന് അയക്കാം. തപാൽ വ കുപ്പിൻെറ മൈ സ്റ്റാമ്പ് പദ്ധതിയും ഇവിടെയു ്.

ഇതിനെല്ലാം പുറമെ, ശബരിമല പോസ്റ്റ് ഓഫീസിൻെറ സവിശേഷമായ പതിനെട്ടാം പടിക്കുമുകളിലുള്ള അയ്യപ്പൻെറ മുദ്ര പതിച്ച ഒരു പോസ്റ്റ് കാർ ഡ് നിങ്ങൾക്ക് പ്രിയപ്പെട്ടവർക്ക് അയക്കുകയുമാവാം. മണ്ഡല-മകരവിളക്ക്

***പടം അടിക്കുറിപ്പ്: 1. ശബരിമല സന്നിധാനത്തെ പോസ്റ്റ് ഓഫീസിൽനിന്ന് ഗംഗാജലം വിൽപന നടത്തുന്നു***
***2. ശബരിമല പോസ്റ്റ് ഓഫീസിന്റെ മുദ്ര***

**(പി.ആർ. ശബരി-93)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.